V. റിപ്പോർട്ട് സമർപ്പണം

പിന്നോക്കസമുദായക്ഷേമ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, പിന്നോക്കസമുദായക്ഷേമ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

VI. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട്

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

1999-ലെ കേരള സഹകാരി സെക്യൂരിറ്റി ഗാർഡുകളുടെ സേവന വേതന വ്യവസ്ഥ നിർണ്ണയവും ക്ഷേമനിധി സംസ്ഥാപനവും ബിൽ

(ബില്ലിന്റെ അവതരണാനുമതിക്ക് നോട്ടീസ് നൽകിയിരുന്ന അംഗം സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിക്കപ്പെട്ടിട്ടില്ല)

ദി കമ്പൽസറി പ്രാക്ടീസിംഗ് ഓഫ് ഗവൺമെന്റ് ഡോക്ടേഴ്സ് (ഇൻ റൂറൽ ഏരിയാസ്) ബിൽ, 1999.

(ബില്ലിന്റെ അവതരണാനുമതിക്ക് നോട്ടീസ് നൽകിയിരുന്ന അംഗം സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിക്കപ്പെട്ടിട്ടില്ല)

1998-ലെ കേരള കൽമടത്തൊഴിലാളികൾ (ജോലി സ്ഥിരത ഉറപ്പു നൽകലും സേവന വ്യവസ്ഥകൾ നിർണ്ണയിക്കലും പൊതുനൻമാസഞ്ചയം രൂപീകരിക്കലും) ബിൽ

(ബില്ലിന്റെ അവതരണാനുമതിക്ക് നോട്ടീസ് നൽകിയിരുന്ന അംഗം സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിക്കപ്പെട്ടിട്ടില്ല)

(1) 1999-ലെ രാമക്കൽമേട്ട് (കാറ്റിനെ ആശ്രയിച്ചിട്ടുള്ള) വൈദ്യുതോർജ്ജ ഉൽപാദന അതോറിറ്റി ബിൽ†

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, 1999-ലെ രാമക്കൽമേട്ട് (കാറ്റിനെ ആശ്രയിച്ചുള്ള) വൈദ്യുതോർജ്ജ ഉൽപാദന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

---

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഞാൻ ഇതിനെ എതിർക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയത്തെ എതിർത്തിരിക്കുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഞാൻ ഈ ബില്ലിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും സഭയുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നമ്മുടെ സമൂഹത്തിന്റെ പുരോഗതിയിൽ വൈദ്യുതിക്കുള്ള സ്ഥാനം ഞാൻ ഇവിടെ പ്രത്യേകമായി എടുത്തുപറയേണ്ടതില്ല. വൈദ്യുതിയുടെ കാര്യത്തിൽ നാം അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഈ സഭതന്നെ പലപ്പോഴും അതിന്റേതായ പ്രത്യാഘാതങ്ങൾ ഏറ്റുവാങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്ത്, നമുക്ക് സാധ്യമായ സ്രോതസ്സുകൾ ഉപയോഗപ്പെടുത്താത്തതാണ് ഈ രംഗത്ത് നാം അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പ്രധാന കാരണം. വൈദ്യുതോൽപാദനത്തിന് പല രീതികളേയും നാം ആശ്രയിക്കുന്നുണ്ട്. ജലവൈദ്യുത പദ്ധതികൾ, തെർമ്മൽ പ്ലാന്റുകൾ, ആണവനിലയങ്ങൾ, ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി കാറ്റിൽ നിന്നും തിരമാലയിൽ നിന്നും സൂര്യപ്രകാശത്തിൽനിന്നും ഒക്കെ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള സാധ്യത നമ്മുടെ സംസ്ഥാനത്ത് വളരെയേറെയാണ്. പലപ്പോഴും വൻകിട ജലവൈദ്യുത പദ്ധതികൾ എന്ന ആശയത്തിലേക്കാണ് നാം തിരിയാറുള്ളത്. നമ്മുടെ സംസ്ഥാനത്തെ ഉദ്യോഗസ്ഥൻമാരും അതുപോലെ കോൺട്രാക്ടർമാരും ഒരു പരിധി വരെ രാഷ്ട്രീയ നേതാക്കളും കൂടിച്ചേർന്ന് ഉണ്ടായിട്ടുള്ള അവിശുദ്ധമായ ഒരു കൂട്ടുകെട്ട് ഈ വൻകിട ജലവൈദ്യുത പദ്ധതികളിലേക്ക് നമ്മെ വലിച്ചടുപ്പിക്കുന്നുണ്ട് എന്നുള്ളതാണ് സത്യം. ഈ വൻകിട ജലവൈദ്യുത പദ്ധതികളെല്ലാം തന്നെ വലിയ നഷ്ടം മനുഷ്യ സമൂഹത്തിന് ഉണ്ടാക്കുന്നവ കൂടിയാണ്. ഒരുപാട് ഭൂമി അതുമൂലം നമുക്ക് നഷ്ടമാകുന്നു. അതുപോലെ വനനശീകരണവും ഇതിന്റെ ഭാഗമാണ്. അതുപോലെ, ഈ വൻകിട ജലവൈദ്യുത പദ്ധതികൾ ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും നാം വളരെ ഗൗരവമായി തന്നെ എടുക്കേണ്ടതാണ്. തെർമൽ പ്ലാന്റുകളാണെങ്കിലും ആണവ നിലയങ്ങളാണെങ്കിലും ഇതെല്ലാം സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വളരെയേറെയാണ് എന്ന് നമുക്ക് കാണാൻ കഴിയും. പ്രകൃതിയോട് മല്ലടിച്ചുകൊണ്ട്, പ്രകൃതിയോട് ഏറ്റുമുട്ടിക്കൊണ്ട് പുരോഗതി പ്രാപിക്കുന്നതിനുള്ള അഭിവാഞ്ഛയാണ് പലപ്പോഴും നമുക്കുള്ളത്. പക്ഷെ അതെല്ലാം താൽക്കാലികമായ പുരോഗതിയാണ് എന്നു നമുക്ക് തോന്നും. എങ്കിൽപ്പോലും വളരെ വേഗം വിനാശത്തിലേയ്ക്ക് നാം അപ്പാടെ എടുത്തെറിയപ്പെടുന്ന സ്ഥിതിയാണ് പലപ്പോഴും നമുക്ക് കാണാൻ കഴിയുന്നത്. എന്റെ ജില്ലതന്നെ ഇതിനുദാഹരണമാണ്. ഈ സംസ്ഥാനത്തെ ഏറ്റവും കൂടുതൽ വൻകിട ജലവൈദ്യുത പദ്ധതികളുള്ള ഒരു ജില്ലയാണ് ഇടുക്കി ജില്ല. പക്ഷെ ഈ വൈദ്യുത പദ്ധതികളുടെ പൂർത്തീകരണത്തോടുകൂടി എന്റെ ജില്ല പാരിസ്ഥിതികമായി ആകെ തകിടം മറിക്കപ്പെട്ടിരിക്കുന്നു എന്നുള്ള വേദനാജനകമായ സത്യമാണ് ഇപ്പോൾ അവശേഷിക്കുന്നത്. വളരെ നല്ല കാലാവസ്ഥയും ജീവിതസാഹചര്യങ്ങളും ഒക്കെ ഉണ്ടായിരുന്ന ആ പ്രദേശം ഇന്ന് അതിവേഗം ഒരു മരുഭൂമിയായി മാറിക്കൊണ്ടിരിക്കുന്ന ദുസ്സഹമായ സാഹചര്യമാണുള്ളത്. ഈ കാര്യങ്ങൾ പരിഗണിക്കുമ്പോൾ ഒരു സമൂഹത്തെയാകെ, ഒരു പ്രദേശത്തെയാകെ വിനാശ

കരമായ സാഹചര്യത്തിലേയ്ക്ക് തള്ളിവിടാവുന്ന സ്ഥിതിയാണ് വൻകിട ജല വൈദ്യുത പദ്ധതികളെ സംബന്ധിച്ചിടത്തോളം ഉള്ളത് എന്ന് പരിഗണിക്കു മ്പോൾ മറ്റ് മാർഗ്ഗങ്ങൾ ആരായാൻ നാം ബാദ്ധ്യസ്ഥരാണ്. അതുകൊണ്ടാണ് സൂര്യപ്രകാശത്തിൽ നിന്നും, തിരമാലയിൽനിന്നും, കാറ്റിൽ നിന്നും, അങ്ങനെ ലഭ്യമാകുന്ന എല്ലാ ഊർജ്ജസ്രോതസ്സുകളും ഉപയോഗപ്പെടുത്തേണ്ടതാണ് എന്നുള്ള അഭിപ്രായം ഞാനിവിടെ ഉന്നയിക്കുന്നത്. പാരിസ്ഥിതികപ്രശ്ന ങ്ങൾ സൃഷ്ടിക്കാത്ത, ഭൂമി നഷ്ടപ്പെടാത്ത, വനം നഷ്ടപ്പെടാത്ത ചെറുകിട ജലവൈദ്യുതപദ്ധതികൾ ഒക്കെ ധാരാളമായി നമുക്ക് ഏറ്റെടുക്കാൻ കഴിയും. ഇതെല്ലാം പരമാവധി ഉപയോഗപ്പെടുത്തിയതിനുശേഷം മാത്രമേ ഈ വൻകിട ജലവൈദ്യുതപദ്ധതികളിലേയ്ക്ക് നാം തിരിയാവൂ, കൈവയ്ക്കാവൂ. ആ ആശയത്തിൽ നിന്നാണ് കാറ്റിനെ ആശ്രയിച്ചുള്ള വൈദ്യുതോർജ്ജ ഉൽപ്പാദനത്തിന്റെ കാര്യത്തിൽ ഇങ്ങനെ ഒരു ബിൽ ഞാൻ അവതരിപ്പിക്കു ന്നത്. 1991-ലെ ഇലക്ട്രിസിറ്റി ആക്ടിൽ ഉന്നയിച്ചിട്ടുള്ള ഭേദഗതികളോടുകൂടി സ്വകാര്യരംഗത്ത് വൈദ്യുത ഉൽപ്പാദനത്തിനുള്ള സാദ്ധ്യതകൾ തെളിഞ്ഞുവ ന്നിട്ടുണ്ട്. എന്റെ ജില്ലയായ ഇടുക്കി ജില്ലയിൽ രാമക്കൽമേട് എന്നുപറയുന്ന ഈ പ്രദേശം സഹ്യപർവതനിരകളിലെ ഏറ്റവും ഉയരങ്ങളിൽ നിൽക്കുന്ന ഒരു പ്രദേശമാണ്. തമിഴ്നാട്ടിൽ നിന്നുമാരംഭിച്ച് കുത്തനെ മുകളിലേയ്ക്കുയർന്ന് കേരളത്തിൽ എത്തിനിൽക്കുന്ന ആ മലമുകളിൽ ഏറ്റവും ശക്തിയായി കാറ്റ് ആഞ്ഞടിക്കുന്ന ഒരു പ്രദേശമാണ്.. ആ പ്രദേശത്തെ ഉപയോഗപ്പെടുത്താൻ പല ശ്രമങ്ങളുമുണ്ടായിട്ട് ഇനിയും നമുക്ക് കഴിയാത്തതിന്റെ അടിസ്ഥാനത്തി ലാണ് ഇത്തരം ഒരു അതോറിറ്റി രൂപീകരിക്കണമെന്ന് ഞാൻ ഈ ബില്ലിലൂടെ ആവശ്യപ്പെടുന്നത്. ഈ ബില്ലിന്റെ സദുദ്ദേശം ബഹുമാനപ്പെട്ട ഗവൺമെന്റും മുഖ്യമന്ത്രിയും കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാനിത് പറയുമ്പോൾ ഇവിടെ സ്വകാര്യ അംഗങ്ങൾ അവതരിപ്പിക്കുന്ന പല ബില്ലു കളും എതിർക്കുന്നുവെന്ന് പറയുമ്പോൾത്തന്നെ ആ ബില്ലിന്റെ സ്വഭാവത്തി ലുള്ള ബില്ലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പിന്നീട് വരാറുണ്ട് എന്നു ള്ളത് ഓർക്കുന്നു. അതുകൊണ്ട് ആ വിശാലതാൽപ്പര്യം പിന്നീട് ഒരുപക്ഷെ ഗവൺമെന്റുതന്നെ കൊണ്ടുവരാൻ സാദ്ധ്യതയുള്ള സാഹചര്യമൊക്കെ പരിഗ ണിച്ചുകൊണ്ട് ഒരു അതോറിറ്റി രൂപീകരിക്കാനുള്ള സന്നദ്ധത ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : കേരളത്തിലെ ഇടുക്കി ജില്ല യിലെ ഉടുമ്പൻചോല താലൂക്കിലെ നെടുംകണ്ടത്തുനിന്നും ഉദ്ദേശം 22 കി.മീ.. കിഴക്കുമാറി തമിഴ്നാട് അതിർത്തിയോട് ചേർന്നുകിടക്കുന്ന പ്രദേശമാണ് രാമക്കൽമേട്. സമുദ്രനിരപ്പിൽ നിന്നും 1,050 മുതൽ 1,072 മീറ്റർവരെ ഉയർന്ന പ്രദേശമാണ്. കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ അനുയോജ്യമായ സ്ഥലമാണ് ഇതെന്ന് കണ്ടെത്തിയിട്ടുണ്ട്. 'അനെർട്ടിന്റെ സഹായത്തോടുകൂടി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മെറ്റിരിയോളജി ഇവിടെ 7.8.1991 മുതൽ 5.3.1998 വരെ 'wind monitoring' നടത്തിയിട്ടുണ്ട്. രാമക്കൽമേടിന് സമീപമുള്ള കുരുവിക്കാനം എന്ന സ്ഥലത്ത് 2 മെഗാവാട്ടിന്റെ വൈദ്യുതി പദ്ധതി സ്ഥാപിക്കാൻ വേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് 'അനർട്ട്' തയ്യ റാക്കി കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. കേര ളത്തിൽ പാരമ്പര്യേതര ഊർജ്ജത്തിന്റെ ഉൽപ്പാദനം, വിതരണം എന്നിവ സംബന്ധിച്ചുള്ള ഒരു നയം രൂപീകരിച്ചെങ്കിൽ മാത്രമേ കുരുവിക്കാനം പദ്ധ തിക്ക് കേന്ദ്രാനുമതി ലഭിക്കുകയുള്ളൂ. ആ കാര്യം പരിശോധനയിലാണ്. ഈ സാഹചര്യത്തിൽ 1999-ലെ രാമക്കൽമേട് (കാറ്റിനെ ആശ്രയിച്ചുള്ള) വൈദ്യു

LIBRARY ARCHIVES Kerala Legislative Assembly

തോർജ്ജ ഉൽപ്പാദന അതോറിറ്റി ബിൽ രൂപീകരിക്കുന്നത് ഇപ്പോൾ പ്രസക്തമല്ല. ആവശ്യമെന്നുകണ്ടാൽ ഗവൺമെന്റ് ബിൽ കൊണ്ടുവരുന്നതാണ്. ഈ പ്രമേയം ബഹുമാനപ്പെട്ട അംഗം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ : ആവശ്യമാണെങ്കിൽ ഗവൺമെന്റ് ഒരു ബില്ല് കൊണ്ടുവരുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മെമ്പർ ബില്ലിന്റെ അവതരണാനുമതിയ്ക്കുള്ള പ്രമേയം പ്രസ് ചെയ്തിട്ടുണ്ടോ?

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതു സംബന്ധിച്ച് ഒരു ബിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കൊണ്ടുവരുമെന്ന് പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ അതിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ട് ഞാൻ എന്റെ ബില്ലിന് അവതരണാനുമതി തേടിക്കൊണ്ടുള്ള പ്രമേയം പിൻവലിക്കുന്നു.

മി. ചെയൻമാൻ : സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിക്കപ്പെട്ടു.

(2) 1999-ലെ കേരള ഡോക്കുമെന്റ് റൈറ്റേഴ്സ് ക്ഷേമനിധി ബിൽ†

ശ്രീ. ആന്റണി രാജു : സർ, 1999-ലെ കേരള ഡോക്കുമെന്റ് റൈറ്റേഴ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിയ്ക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : പ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. ആന്റണി രാജു : സർ, കേരളത്തിലെ പതിനായിരത്തിൽപ്പരം വരുന്ന ആധാരമെഴുത്തുകാരുടെയും അവരുടെ അമ്പതിനായരത്തോളം വരുന്ന കുടുംബാംഗങ്ങളുടേയും ക്ഷേമത്തെ ലക്ഷ്യമാക്കിയാണ് ഞാൻ ഈ ബില്ല് ഇവിടെ അവതരിപ്പിച്ചത്. ജീവിതകാലം മുഴുവൻ സർക്കാരിന്റെയും ജനങ്ങളുടെയും മധ്യവർത്തികളായി നിന്നുകൊണ്ട് സേവനമനുഷ്ഠിക്കുന്ന പതിനായിരത്തിൽപ്പരം അത്തരം ഏജൻസികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇവർക്കായി 1990-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഒരു ബില്ല് അവതരിപ്പിക്കുകയും അതിനെത്തുടർന്ന് യു.ഡി.എഫ്. ഗവൺമെന്റ് അത് പാസ്സാക്കുകയും ചെയ്തു. പക്ഷെ ആ ബില്ലിലൂടെ കടന്നുപോയാൽ ആ ക്ഷേമനിധിയിൽ ഉണ്ടായിരിക്കേണ്ട അടിസ്ഥാന വ്യവസ്ഥ, അല്ലെങ്കിൽ അടിസ്ഥാനകാര്യം പോലും അതിൽ രേഖപ്പെടുത്തിയിട്ടില്ല. ഒരു പക്ഷെ പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ലാത്ത, അല്ലെങ്കിൽ പെൻഷൻ പദ്ധതിക്ക് രൂപം കൊടുക്കാത്ത ഏക ക്ഷേമനിധി ബിൽ നമ്മുടെ കേരളത്തിലെ ആധാരമെഴുത്തുകാർക്കും, കൈപ്പടക്കാർക്കും, സ്റ്റാമ്പ് വെണ്ടർമാർക്കും വേണ്ടി പാസ്സാക്കിയ ക്ഷേമനിധി ബില്ലാണ്. ഞാൻ ഈ ബിൽ അവതരിപ്പിക്കുവാൻ കാരണം ഒരു ക്ഷേമനിധിയുടെ ലക്ഷ്യമെന്നുപറയുന്നത്, ജീവിച്ചിരിക്കുമ്പോൾ, ജോലി ചെയ്യുന്ന സമയത്ത് ജോലി ചെയ്യാൻ ആരോഗ്യമുള്ള സമയത്ത് അവർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുക എന്നുള്ളതിനുവേണ്ടിയാണ്. അതിനു

† അനുബന്ധം - IX

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-VIII

LIBRARY ARCHIVES Kerala Legislative Assembly

1999-ലെ രാമക്കൽമേട്ട് (കാറ്റിനെ ആശ്രയിച്ചുള്ള) വൈദ്യുതോർജ്ജ ഉത്പാദന അതോറിറ്റി ബിൽ

(ശ്രീ. പി.പി. സുലൈമാൻ റാവുത്തർ, എം.എൽ.എ. നോട്ടീസ് നൽകിയത്)

പത്താം കേരള നിയമസഭ
ബിൽ നമ്പർ 200

(1999-ലെ രാമക്കൽമേട്ട് (കാറ്റിനെ ആശ്രയിച്ചുള്ള) വൈദ്യുതോർജ്ജ ഉത്പാദന അതോറിറ്റി ബിൽ

(ശ്രീ. പി.പി. സുലൈമാൻ റാവുത്തർ, എം.എൽ.എ.നോട്ടീസ് നൽകിയത്)

ഇന്ത്യയിൽ ഏറ്റവും അധികം വേഗതയിൽ കാറ്റുവീശുന്ന രാമക്കൽ മേട്ടിൽ ചെലവുകുറഞ്ഞ വൈദ്യുതോർജ്ജം കാറ്റിൽനിന്ന് ഉൽപ്പാദിക്കാമെന്ന് ശാസ്ത്രീയ പഠനങ്ങളിൽ നിന്നും ഇതിനകം വെളിവായിട്ടുള്ളതാണ്. കാറ്റിനെ ആശ്രയിച്ചുള്ള വൈദ്യുതോർജ്ജോൽപ്പാദനത്തിന് വേണ്ടി രാമക്കൽമേട്ട് (കാറ്റിനെ ആശ്രയിച്ചുള്ള) വൈദ്യുതോർജ്ജോൽപ്പാദനാതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാനുള്ള ഒരു ബിൽ

പീഠിക: - കേരള സംസ്ഥാനത്ത് രൂക്ഷമായ വൈദ്യുതിക്ഷാമം നിലനിൽക്കുന്നതിനാലും ഇടുക്കിജില്ലയിലെ രാമക്കൽമേട്ടിൽ സദാ സമയവും ശക്തമായ കാറ്റടിക്കുന്നതിനാലും കാറിൽ നിന്നും ചെലവു കുറഞ്ഞ വൈദ്യുതോർജ്ജോത്പാദനം നടത്താമെന്നിരിക്കയാലും രാമക്കൽമേട്ടിൽ നടത്തിയ ശാസ്ത്രീയ പഠനങ്ങളിൽ നിന്നും കാറ്റിനെ ആശ്രയിച്ചുള്ള വൈദ്യുതി ഉത്പാദനത്തിനനുഗുണമായ സ്ഥലമാണ് രാമക്കൽമേട്ടെന്നു തെളിഞ്ഞു കഴിഞ്ഞതിനാലും വൈദ്യുതോത്പാദനത്തിന് രാമക്കൽമേട്ട് (കാറ്റിനെ ആശ്രയിച്ചുള്ള) വൈദ്യുതോർജ്ജോത്പാദന അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കേണ്ടത് യുക്തമായിരിക്കുകയാണ്.

ഇന്ത്യൻ റിപ്പബ്ലിന്റെ 50-ാം സംവത്സരത്തിൽ താഴെപറയും പ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.-(1) ഈ ആക്ടിന് 1999 -ലെ രാമക്കൽമേട്ട് (കാറ്റിനെ ആശ്രയിച്ചുള്ള) വൈദ്യുതോർജ്ജോത്പാദന അതോറിറ്റി ആക്ടെന്നു പറയാവുന്നതാണ്.

2. ഈ ആക്ടിന് കേരളത്തിലാകെ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ നിശ്ചയിക്കുന്ന തീയതി മുതൽ ഈ ആക്ട് പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.-ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം-

(എ) "അതോറിറ്റി" എന്നാൽ രാമക്കൽമേട്ട് (കാറ്റിനെ ആശ്രയിച്ചുള്ള) വൈദ്യുതോർജ്ജ ഉത്പാദന അതോറിറ്റി എന്നർത്ഥമാകുന്നു.

(ബി) "ചെയർമാൻ" എന്നാൽ രാമക്കൽമേട്ട് (കാറ്റിനെ ആശ്രയിച്ചുള്ള) വൈദ്യുതോർജ്ജ ഉത്പാദന അതോറിറ്റിയുടെ ചെയർമാൻ എന്നർത്ഥമാകുന്നു.

(സി) "അംഗം" എന്നാൽ രാമക്കൽമേട്ട് (കാറ്റിനെ ആശ്രയിച്ചുള്ള) വൈദ്യുതോർജ്ജ ഉത്പാദന അതോറിറ്റിയിലെ അംഗം എന്നർത്ഥമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) "സെക്രട്ടറി" എന്നാൽ രാമക്കൽമേട്ട് (കാറ്റിനെ ആശ്രയിച്ചുള്ള) വൈദ്യുതോർജ്ജ ഉത്പാദന അതോറിറ്റിയുടെ സെക്രട്ടറി എന്നർത്ഥമാകുന്നു.

(ഇ) "കേന്ദ്ര ആക്ടുകൾ" എന്നാൽ 1910-ലെ ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട്, 1948-ലെ ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് എന്നീ പ്രകാരം അർത്ഥമാകുന്നു.

(എഫ്) "ഭേദഗതി ആക്ട്" എന്നാൽ 1991-ലെ ഇലക്ട്രിസിറ്റി (ഭേദഗതി) ആക്ട് എന്നർത്ഥമാകുന്നു.

(ജി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.

(എച്ച്) "ബോർഡ്" എന്നാൽ കേരള വിദ്യുച്ഛക്തി ബോർഡ് എന്നർത്ഥമാകുന്നു.

3. അതോറിറ്റിയുടെ രൂപീകരണം.-(1) ഗവൺമെന്റ് ഗസറ്റ് വിജ്ഞാപനം മുഖേന "രാമക്കൽമേട്ട് (കാറ്റിനെ ആശ്രയിച്ചുള്ള) വൈദ്യുതോർജ്ജ ഉത്പാദന അതോറിറ്റി" എന്ന പേരിൽ ഒരതോറിറ്റി രൂപീകരിക്കാവുന്നതാണ്.

(2) അതോറിറ്റി ശാശ്വത പിൻതുടർച്ചയോടും, പൊതു മുദ്രയോടും കൂടിയ മുൻപറഞ്ഞ പേരിലുള്ള ഒരു സംഘാതമായിരിക്കുന്നതും, പ്രസ്തുത പേരിൽ വ്യവഹാരം നടത്തുകയോ വ്യവഹാരം നടത്തപ്പെടുകയോ ചെയ്യേണ്ടതുമാണ്.

4. അതോറിറ്റിയുടെ ഘടന.-അതോറിറ്റിക്ക് ഒരു ചെയർമാൻ, ഒരു ഭരണ നിർവ്വഹണസമിതി എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

5. ചെയർമാൻ.-(1) സർക്കാർ ഒരു അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനത്ത് മൂന്നു കൊല്ലത്തിൽ കുറയാതെ പ്രവർത്തന പരിചയമുള്ളതോ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ പദവിയിൽ കുറയാത്ത ഉദ്യോഗത്തിൽ കുറഞ്ഞത് മൂന്നു കൊല്ലത്തെ പ്രവൃത്തി പരിചയമോ ഉള്ള സർവ്വീസിലുള്ളതോ സർവ്വീസിൽ നിന്നു വിരമിച്ചതോ ആയ ഒരാളെ ചെയർമാനായി നിയമിക്കേണ്ടതാണ്.

(2) ചെയർമാന്റെ കാലാവധി ചുമതല ഏൽക്കുന്ന തീയതിമുതൽ അഞ്ചു കൊല്ലക്കാലം ആയിരിക്കുന്നതാണ്. എന്നാൽ കാര്യക്ഷമതാവാഹിത്യമുണ്ടെന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെടുകയോ ഏതെങ്കിലും കോടതി ഏതെങ്കിലും കുറ്റത്തിന് തടവുശിക്ഷ വിധിക്കപ്പെടാവുന്ന കുറ്റത്തിന് ശിക്ഷിക്കപ്പെടുകയോ ചെയ്താൽ ചെയർമാനെ എപ്പോൾ വേണമെങ്കിലും ഗവൺമെന്റിന് പിരിച്ചു വിടാവുന്നതാണ്.

(3) ചെയർമാന് എപ്പോൾ വേണമെങ്കിലും ഗവൺമെന്റിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഔദ്യോഗിക സ്ഥാനം രാജിവെയ്ക്കാവുന്നതാണ്.

6. സെക്രട്ടറി.-(1) സംസ്ഥാന സർക്കാർ സർവ്വീസിൽ റവന്യൂ ഡിവിഷൻ ഓഫീസർ/ഡെപ്യൂട്ടി കളക്ടർ തസ്തികയിലുള്ള ഉദ്യോഗസ്ഥനെ സർക്കാർ അതോറിറ്റിയുടെ സെക്രട്ടറിയായി നിയമിക്കുന്നതാണ്.

7. അതോറിറ്റിയിലെ അംഗങ്ങൾ.-(1) രാമക്കൽമേട്ട് ഉൾക്കൊള്ളുന്ന ഇടുക്കി ജില്ലയിലെ എല്ലാ എം.എൽ.എ.മാരും എം.പി.യും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും രാമക്കൽമേട്ട് സ്ഥിതിചെയ്യുന്ന പ്രദേശത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ഇടുക്കി ജില്ലയിലെ പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നോമിനേറ്റ് ചെയ്യുന്ന മൂന്നു ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും, ഒരു വനിതാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ഡയറക്ടർ ബോർഡംഗങ്ങളായിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) അതോറിറ്റിയിലെ എക്സ് ഒഫിഷ്യോ അംഗങ്ങൾ.- ഊർജ്ജ വകുപ്പ്, ആസൂത്രണവകുപ്പ്, വനംവകുപ്പ്, റവന്യൂവകുപ്പ് എന്നിവയുടെ സെക്രട്ടറിമാരോ അവരുടെ പ്രതിനിധികളോ, സംസ്ഥാന വൈദ്യുതി ബോർഡ്, അനർട്ട് എന്നിവയുടെ ചെയർമാൻമാരോ, അവരുടെ പ്രതിനിധികളോ, അതോറിറ്റിയുടെ എക്സ് ഒഫിഷ്യോ അംഗങ്ങളായിരിക്കേണ്ടതാണ്.

8. അതോറിറ്റിയുടെ ആസ്ഥാനം:- ഈ ആക്ട് പ്രകാരം രൂപീകരിക്കുന്ന രാമക്കൽമേട്ട് (കാറ്റിനെ ആശ്രയിച്ചുള്ള) വൈദ്യുതോർജ്ജോത്പാദന അതോറിറ്റിയുടെ ആസ്ഥാനം നെടുങ്കണ്ടം ആയിരിക്കുമെന്നതാണ്.

(എ) അതോറിറ്റിയുടെ മുഖ്യകർത്തവ്യം:-അതോറിറ്റിയുടെ മുഖ കർത്തണവും കാറ്റിനെ ആശ്രയിച്ചുള്ള വൈദ്യുതോർജ്ജോത്പാദനമായിരിക്കുന്നതാണ്.

(ബി) ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിതരണം:- അതോറിറ്റി ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ മുഴുവൻ അളവും സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനു മാത്രം വിതരണത്തിനായി നൽകേണ്ടതാണ്.

9. അതോറിറ്റിയുടെ അധികാരങ്ങൾ.- (1) എല്ലാ നയപരമായ കാര്യങ്ങളിലും തീരുമാനമെടുക്കുക.

(2) അതോറിറ്റിയുടെ ബഡ്ജറ് അംഗീകരിക്കുക.

(3) അതോറിറ്റിയുടെ ഉദ്യോഗസ്ഥൻമാരുടെ മേലുള്ള നിയന്ത്രണാധികാരം വിനിയോഗിക്കുക.

(4) അതോറിറ്റിക്കുവേണ്ടിയും അതോറിറ്റിക്കെതിരായും വരുന്ന വ്യവഹാരങ്ങൾ നടത്തുക.

10. ഭരണനിർവ്വഹണ സമിതി.- (1) അതോറിറ്റിക്കുവേണ്ടി താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ഒരു ഭരണ നിർവ്വഹണ സമിതി രൂപീകരിക്കേണ്ടതാണ്, അതായത്:-

(എ) അതോറിറ്റിയുടെ ചെയർമാൻ എക്സ് ഒഫിഷ്യോ. അദ്ദേഹം ഭരണ നിർവ്വഹണ യോഗങ്ങളിൽ ആദ്യക്ഷ്യം വഹിക്കേണ്ടതാണ്.

(ബി) 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അഞ്ചുപേർ.

(സി) അതോറിറ്റിയുടെ സെക്രട്ടറി എക്സ് ഒഫിഷ്യോ.

11. ഭരണനിർവ്വഹണ സമിതിയുടെ കാലാവധി. - (1) സമിതി രൂപീകരിക്കുന്ന തീയതി മുതൽ അഞ്ചുവർഷമായിരിക്കുന്നതാണ്.

എന്നാൽ ഒരു ഭരണ നിർവ്വഹണ സമിതിയംഗം, ഡയറക്ടർബോർഡിലെ അംഗമല്ലാതായിത്തീരുമ്പോൾ ആ അംഗത്തിന്റെ ഭരണ നിർവ്വഹണ സമിതി അംഗത്വം നഷ്ടപ്പെടുന്നതാണ്.

(2) ഒരു ഭരണ നിർവ്വഹണസമിതിയംഗത്തിന് എപ്പോൾ വേണമെങ്കിലും ചെയർമാനെ അഭിസംബോധന ചെയ്തുകൊണ്ട് സമിതി അംഗത്വം രാജിവയ്ക്കാവുന്നതാണ്.

(3) ഭരണ നിർവ്വഹണസമിതിയിൽ തിരഞ്ഞെടുക്കപ്പെട്ട ഒരംഗത്തിന്റെ ഒഴിവ് തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതും അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഒരംഗം ഭരണനിർവ്വഹണസമിതിയുടെ ശേഷിച്ച കാലാവധിയിലേക്കുമാത്രം സമിതിയംഗമായി തുടരുന്നതുമാണ്.

15. ഭരണ നിർവ്വഹണ സമിതി യോഗങ്ങൾ.- (1) ചെയർമാന്റെ നിർദ്ദേശാനുസരണം, സെക്രട്ടറി ഭരണ നിർവ്വഹണ സമിതിയോഗം വിളിച്ചുകൂട്ടേണ്ടതാണ്.

(2) ഭരണനിർവ്വഹണ സമിതിയുടെ രണ്ട് യോഗങ്ങൾ തമ്മിൽ മുപ്പത് ദിവസത്തിലധികം അന്തരം ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly

(3) ഭരണനിർവ്വഹണസമിതി യോഗങ്ങളിൽ ചെയർമാൻ ആദ്യക്ഷ്യം വഹിക്കേണ്ടതാണ്. ഏതെങ്കിലും യോഗത്തിൽ ചെയർമാൻ ഹാജരില്ലാത്ത പക്ഷം അപ്പോൾ സന്നിഹിതായിരിക്കുന്ന സമിതിയംഗങ്ങളിൽ ആരെയെങ്കിലും അപ്പോഴേക്ക് ആദ്യക്ഷ്യം വഹിക്കുന്നതിനായി സമിതിക്ക് നിർദ്ദേശിക്കാവുന്നതാണ്.

12. ഭരണ നിർവ്വഹണസമിതിയുടെ ചുമതലകൾ.- (1) അതോറിറ്റിയുടെ ദൈനംദിന ഭരണം നടത്താനുള്ള ചുമതല ഭരണ നിർവ്വഹണ സമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ഓരോ വർഷവും ഡിസംബർ മാസത്തിന് മുമ്പായി ഭരണ നിർവ്വഹണ സമിതി അതിന്റെ തുടർന്നുവരുന്ന വർഷത്തിലേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കി ഡയറക്ടർബോർഡ് അംഗീകരിച്ച പ്രകാരമുള്ള ബഡ്ജറ്റ് ഗവൺമെന്റിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്.

(3) കാലകാലം ഗവൺമെന്റ് നൽകുന്ന നിർദ്ദേശങ്ങൾ ഭരണ നിർവ്വഹണ സമിതി നടപ്പിലാക്കേണ്ടതാണ്.

13. ഭരണനിർവ്വഹണ സമിതിയുടെ കർത്തവ്യങ്ങൾ.- താഴെ പറയുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച കർത്തവ്യങ്ങൽ ഭരണസമിതി നിർവ്വഹിക്കേണ്ടതാണ്, അതായത്:-

(1) സംസ്ഥാന കേന്ദ്ര മലിനീകരണ ബോർഡുകളിൽ നിന്നും സമയാസമയങ്ങളിൽ ആവശ്യമായ ക്ലിയറൻസുകൾ വാങ്ങുക.

(2) സംസ്ഥാന വകപ്പ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഇവയുമായി കോർഡിനേഷൻ സ്ഥാപിച്ച് വികസന പദ്ധതികൾ ആവിഷ്ക്കരിക്കുക.

(3) വികസന പദ്ധതികൾക്കാവശ്യമായ സ്ഥലാർജ്ജനത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.

(4) വൈദ്യുതോർജ്ജ ഉൽപ്പാദന സംഭരണങ്ങൾക്കാവശ്യമായ യന്ത്രസാമഗ്രികൾ ഇറക്കുമതി ചെയ്യുവാനും വാങ്ങുവാനുമുള്ള നടപടികൾ സ്വീകരിക്കുക.

(5) സി.ഇ.എ. ഊർജ്ജ വകുപ്പുമായും ഡിപ്പാർട്ടുമെന്റ് ഓഫ് ഇക്കണോമിക്സ് അഫേഴ്സുമായും ബന്ധപ്പെട്ട് അതോറിറ്റിയുടെ വികസത്തിനാവശ്യമായ സാമ്പത്തികസഹായം ധനകാര്യസ്ഥാപനങ്ങളിൽ നിന്നാർജ്ജിക്കുവാൻ നടപടികൾ സ്വീകരിക്കുക.

(6) അതോറിറ്റിയുടെ അഭിവൃദ്ധിക്കാവശ്യമായ മറ്റിതരകാര്യങ്ങൾ നിർവ്വഹിക്കുക.

(7) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മെറ്റീരിയൽസ് (ഐ.ഐ.റ്റി.എം.), അനർട്ട് തുടങ്ങിയ അധികാരസ്ഥാനങ്ങളും സംഘടനകളുമായി ലൈസൺ സ്ഥാപിച്ചുകൊണ്ട് വിന്റ് മാപ്പിംഗ് നടത്തുക, വിന്റ് ഫാമുകൾ സ്ഥാപിക്കുക.

(8) പവ്വർ പ്ലാന്റുകൾ സ്ഥാപിക്കുവാൻ വേണ്ട യന്ത്രസാമഗ്രികൾ ഇറക്കുമതി ചെയ്യാനും വാങ്ങുവാനും നടപടി സ്വീകരിക്കുക.

(9) ഓപ്പൺ ജനറൽ ലൈസൻസ് പ്രകാരം വിന്റ് ഇലക്ട്രിക് ജനറേറ്ററുകൾ ഇറക്കുമതി ചെയ്യാൻ നടപടി സ്വീകരിക്കുക.

(10) ബ്ലെയ്ഡ്, ഗിയർബോക്സ്, ബ്രേക്ക് ക്ലിപ്പിംഗ്, കമ്പോണന്റ്സ്, സെൻസേഴ് തുടങ്ങിയ യന്ത്രസാമഗ്രികൾ ഇറക്കുമതി ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

(11) പവ്വർ ട്രാൻസ്മിഷൻ, മീറ്ററിംഗ്, താരിഫ് മുതലായവ സംബന്ധിച്ച് സർക്കാരിന് പ്രൊപ്പോസലുകൾ നൽകൽ.

14. അതോറിറ്റിയുടെ കർത്തവ്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടിക്രമം.- (1) അതോറിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ചുവടെ പറയുന്ന നടപടിക്രമം സ്വീകരിക്കേണ്ടതാണ്, അതായത്:-

(ക) ഏത് വികസന പ്രവർത്തനത്തേയും കുറിച്ചുള്ള നിർദ്ദേശങ്ങൽ പരിഗണിച്ച് പ്രമേയം മുഖേന ഭരണ നിർവ്വഹണ സമിതി തീരുമാനം കൈക്കൊള്ളേണ്ടതാണ്.

(ഖ) ഭരണ നിർവ്വഹണ സമിതി തീരുമാനമെടുത്ത വികസന പദ്ധതികൾ സംബന്ധിച്ച് വ്യക്തമായ പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ച് ആയത് ഗവൺമെന്റിന്റെ അനുമതിക്ക് സമിതി അയയ്ക്കേണ്ടതാണ്.

(ഗ) പദ്ധതിക്ക് ഗവൺമെന്റിന്റെ അംഗീകാരം രേഖാമൂലം കിട്ടുന്ന മുറയ്ക്ക് ഭരണ നിർവ്വഹണ സമിതി അത് നടപ്പാക്കേണ്ടതാണ്.

(2) ഭരണ നിർവ്വഹണ സമിതിയുടെ തീരുമാനപ്രകാരമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഗവൺമെന്റ് വകുപ്പുകളുടെ സഹായം ഭരണ നിർവ്വഹണ സമിതിക്ക് ആവശ്യപ്പെടാവുന്നതും അപ്രകാരം ആവശ്യപ്പെടുന്ന സഹായം ഗവൺമെന്റ് വകുപ്പുകൾ ചെയ്തു കൊടുക്കേണ്ടതുമാണ്.

15. അതോറിറ്റിക്ക് ധനസഹായം.- (1) അതോറിറ്റി ആവിഷ്ക്കരിച്ച് ഗവൺമെന്റിന് അയയ്ക്കുന്നതും ഗവൺമെന്റ് അംഗീകരിക്കുന്നതുമായ പദ്ധതികൾക്ക് ആവശ്യമായ ധനസഹായം ഗവൺമെന്റ് നൽകേണ്ടതാണ്.

(2) അതോറിറ്റി നടപ്പാക്കുന്ന പദ്ധതികൾക്കുവേണ്ടി ഏതെങ്കിലും വ്യക്തികളിൽ നിന്നോ സംഘടനകളിൽ നിന്നോ ഏജൻസികളിൽ നിന്നോ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നോ ധനസഹായം സ്വീകരിക്കാവുന്നതാണ്. ഇതിന് ഗവൺമെന്റിന്റെ അനുമതി വാങ്ങിയിരിക്കണം.

(3) അതോറിറ്റി ചെയ്യുന്ന സേവനങ്ങളുടെ ഗുണഫലം അനുഭവിക്കുന്നതിൽനിന്ന് ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ഈടാക്കുന്ന ഫീസ് അതോറിറ്റി നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

16. അതോറിറ്റിക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അധികാരം.- (1) കാലാകാലങ്ങളിൽ അതോറിറ്റിക്ക് നിർദ്ദേശങ്ങൾ നൽകുവാനുള്ള അധികാരം ഗവൺമെന്റിന് ഉണ്ടായിരിക്കുന്നതാണ്.

(2) ഗവൺമെന്റ് നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാൻ അതോറിറ്റി ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

17. അതോറിറ്റിയുടെ പിരിച്ചുവിടൽ.- (1) അതോറിറ്റി ഈ ആക്ടിലെ വ്യവസ്ഥകൾക്കെതിരായി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്നോ അതോറിറ്റി അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ അനാസ്ഥ തുടരെത്തുടരെ കാണിച്ചുവെന്നോ ഗവൺമെന്റ് നൽകുന്ന - നിർദ്ദേശങ്ങൾ തുടർച്ചയായി അനുസരിക്കാതിരിക്കുന്നുവെന്നോ ഉള്ള കാരണത്തിൻമേൽ ഗവൺമെന്റിന് ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം വഴി അതോറിറ്റിയെ എപ്പോൾ വേണമെങ്കിലും ഒരു വർഷത്തിലധികരിക്കാത്ത കാലത്തേയ്ക്ക് പിരിച്ചുവിടാവുന്നതാണ്:

എന്നാൽ അറോറിറ്റിയെ പിരിച്ചുവിടുന്നതിന് മുമ്പായി അപ്രകാരം ചെയ്യാതിരിക്കുന്നതിന് കാരണം കാണിക്കണമെന്ന് ഗവൺമെന്റ് അതോറിറ്റിയോട് ആവ

LIBRARY ARCHIVES Kerala Legislative Assembly

ശ്യപ്പെടേണ്ടതും അതോറിറ്റിക്ക് ഇക്കാര്യത്തിൽ പറയാനുള്ളത് കേൾക്കുവാൻ യുക്തമായ അവസരം ഗവൺമെന്റ് അതോറിറ്റിക്ക് നൽകേണ്ടതുമാണ്.

(2) അതോറിറ്റിയെ പിരിച്ചുവിടുന്നതോടുകൂടി-

(ക) അതോറിറ്റിയുടെ അപ്പോഴുള്ള പൊതുയോഗവും ഭരണനിർവ്വഹണ സമിതിയും ഇല്ലാതായി തീരുന്നതും പൊതുയോഗത്തിന്റെയും ഭരണ നിർവ്വഹണസമിതിയുടേയും അധികാര ആവശ്യങ്ങൾ ഗവൺമെന്റിൽ നിക്ഷിപ്തമാകുന്നതും ആകുന്നു.

(ഖ) അതോറിറ്റിയുടെ കർത്തവ്യങ്ങൾ ചെയ്യുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി ഗവൺമെന്റിന് ഒരു അഡ്മിനിസ്ട്രേറ്റീവ് ഓഫീസറേയോ ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയേയോ നിയമിക്കാവുന്നതാണ്.

(ഗ) ഗവൺമെന്റ് ഗസറ്റ് വിജ്ഞാപനം മുഖേന നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസറോ കമ്മിറ്റിയോ അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

(3) അതോറിറ്റി പിരിച്ചുവിട്ട തീയതി മുതൽ ഒരു വർഷത്തിനകം ഗവൺമെന്റ് പുതുതായി അതോറിറ്റി രൂപീകരിച്ച് ഭരണാധികാരം അതിനെ ഏൽപ്പിക്കേണ്ടതാണ്.

18. അതോറിറ്റിയുടെ ഉദ്യോഗസ്ഥൻമാരും ജീവനക്കാരും.- (1) അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ അതിനെ സഹായിക്കുന്നതിനായി ഗവൺമെന്റിന് യുക്തമെന്ന് തോന്നുന്ന ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(2) അതോറിറ്റിയുടെ ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും നേരിട്ട് നിയമിക്കുന്ന സംഗതിയിൽ ഗവൺമെന്റ് പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ച് നിയമനം നടത്തേണ്ടതാണ്.

(3) അതോറിറ്റിക്കുവേണ്ടി നടത്തുന്ന നേരിട്ടുള്ള നിയമനങ്ങളിൽ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ ബന്ധപ്പെട്ട ചട്ടങ്ങൾ ബാധകമാകുന്നതാണ്.

19. എഴുത്തുകുത്തുകൾ നടത്തുന്നതിനുള്ള മാർഗ്ഗം.- അതോറിറ്റിയിലേക്കുള്ളതോ അതോറിറ്റിയിൽ നിന്നുള്ളതോ ആയ എഴുത്തുകുത്തുകൾ സെക്രട്ടറിയുടെ പേരിൽ നടത്തേണ്ടതാണ്.

20. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.-(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ആകെ പതിനാല് ദിവസത്തേയ്ക്ക് അവ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ വയ്ക്കേണ്ടതും, അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിനു തൊട്ടുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ ചട്ടത്തിന് ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതിപോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും ഇങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിപ്പെടുത്തലോ ദുർബലപ്പെടുത്തലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിലായിരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശകാരണങ്ങളുടെ വിവരണം

കേരളത്തിൽ വർദ്ധിച്ചുവരുന്ന വൈദ്യുതോർജ്ജാവശ്യങ്ങൾ നിറവേറ്റാനുതകും വിധം പാരമ്പര്യ വൈദ്യുത സ്രോതസ്സുകളിലൂടെ ഉത്പാദനം വർദ്ധിപ്പിക്കുക, പാരിസ്ഥിതിക പ്രശ്നങ്ങൾമൂലവും ഉയർന്ന ചെലവ് മൂലവും അസാദ്ധ്യമാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കാതെയും ചെലവ് അധികരിക്കാതെയും പാരമ്പര്യേതര സ്രോതസ്സുകളിലൂടെ വൈദ്യുതി ഉത്പാദന സംരംഭങ്ങൾ ആരംഭിക്കേണ്ടത് ആവശ്യമാണ്. 1991-ലെ ഇലക്ട്രിസിറ്റി നിയമങ്ങൾ (ഭേദഗതി) ആക്ടുവഴി വൈദ്യുതോർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സംരംഭകരെ പ്രോത്സാഹിപ്പിക്കുംവിധം ഉദാരമാക്കിയിട്ടുണ്ട്. അനർട്ടും കേന്ദ്ര പാരമ്പര്യേതര ഊർജ്ജസ്രോതസ് മന്ത്രാലയവും സംയുക്തമായി നടത്തിയ പഠനത്തിൽനിന്നും ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ ഊർജ്ജോത്പാദക്ഷമതയുള്ള പ്രചണ്ഡമായ കാറ്റുവീശുന്നുണ്ടെന്നും ഈ കാറ്റിൽനിന്നും ചെലവ് കുറഞ്ഞ വൈദ്യുതി ഉത്പാദിപ്പിക്കാമെന്നും കണ്ടെത്തിയിട്ടുണ്ട്. രാമക്കൽമേട്ടിൽ വിന്റ് ഫാം സ്ഥാപിച്ച് കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കേണ്ടതിലേക്ക് ഒരു അതോറിറ്റി സ്ഥാപിതമാകേണ്ടത് ആവശ്യമാണ്.

മേൽപ്പറഞ്ഞ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടിയാണ് ഈ ആക്ട്.

ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം അതോറിറ്റി സ്ഥാപിക്കുവാനും അതോറിറ്റി ആവിഷ്ക്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ ധനസഹായം സംസ്ഥാന ഗവൺമെന്റ് നൽകേണ്ടതാണ്. ഇതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചു കഴിഞ്ഞാൽ മാത്രമേ കൃത്യമായ സാമ്പത്തിക ബാദ്ധ്യത കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും അതോറിറ്റിയുടെ സംസ്ഥാന പ്രാരംഭ ചെലവുകൾക്ക് ഇരുപത്തിയഞ്ച് ലക്ഷം സഞ്ചിതനിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

ഏൽപ്പിച്ചുകൊടുക്കുന്ന നിയമനിർമ്മാണം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിന്റെ 20-ാം വകുപ്പുപ്രകാരം സർക്കാരിന് ഗസറ്റുവിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വെയ്ക്കേണ്ടതാണ്. സഭയ്ക്ക് അത് ഭേദഗതി ചെയ്യാനോ റദ്ദ് ചെയ്യാനോ ഉള്ള അധികാരമുണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ, ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കായാണ് ആയതിനാൽ ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ളതായ അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

പി.പി. സുലൈമാൻ റാവുത്തർ, എം.എൽ.എ.

LIBRARY ARCHIVES Kerala Legislative Assembly